# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കേരള വാട്ടർ അതോറിറ്റിയുടെ സ്പാൻ പദ്ധതികൾ</u>

3674 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കിയ സ്പാൻ പദ്ധതികളിൽ ഏതെല്ലാം കമ്മിഷൻ ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ബി) ശേഷിക്കുന്ന സ്പാൻ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി പദ്ധതി അടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>വാമനപുരം ഇറിഗേഷൻ പ്രോജക്ട്</u>

3675 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാമനപുരം ഇറിഗേഷൻ പ്രോജക്ട് ഇപ്പോൾ നിലവിലുണ്ടോ;

(ബി) പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട ഏതെങ്കിലും ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

(സി) എങ്കിൽ ഈ ഓഫീസുകളിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു; തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പ്രോജക്ട് അവസാനിപ്പിച്ചുവെങ്കിൽ എന്നാണ് എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ജല അതോറിറ്റിയുടെ പ്രവര്‍ത്തനം</u>

3676 ശ്രീ. റ്റി. എന്‍. പ്രതാപന്‍
,, കെ. ശിവദാസന്‍ നായര്‍
,, ജോസഫ് വാഴക്കന്‍
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം കേരള ജല അതോറിറ്റിയുടെ പ്രവര്‍ത്തനം ഊര്‍ജ്ജിതപ്പെടുത്തുന്നതിനും പദ്ധതികള്‍ പൂര്‍ത്തിയാക്കുന്നതിനും സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ;

(ബി) ജല ശുദ്ധീകരണശാല പൂര്‍ത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വരള്‍ച്ചബാധിത പ്രദേശങ്ങളില്‍ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതികള്‍ എന്തെല്ലാമാണെന്നു വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ജലവിതരണ പദ്ധതികള്‍ ത്വരിതപ്പെടുത്തുന്നതിന് നടപടി

3677 ശ്രീ. ബെന്നി ബെഹനാന്‍
,, പാലോട് രവി
,, ഷാഫി പറമ്പില്‍
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം ജലവിതരണ പദ്ധതികള്‍ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(ബി) ദീര്‍ഘകാലമായി തുടര്‍ന്നുവരുന്ന നഗരജലവിതരണ പദ്ധതികള്‍ ഉടന്‍ പൂര്‍ത്തിയാക്കുമേ;

(സി) ഗ്രാമീണ ശുദ്ധജലവികസന പദ്ധതികള്‍ സമയബന്ധിതമായി പൂര്‍ത്തിയാക്കാന്‍ നടപടി എടുക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>തലശ്ശേരി കുടിവെള്ള പദ്ധതി</u>

3678 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി കുടിവെള്ള പദ്ധതിയുടെ വിപുലീകരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>എം. വി. ഐ. പി. പദ്ധതി</u>

3679 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.വി.ഐ.പി. പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ എന്ത് തുക ചിലവഴിച്ചിട്ടുണ്ട് ;

(ബി) ഇപ്പോഴത്തെ കണക്കുകൾ പ്രകാരം പദ്ധതി പൂർത്തീകരിക്കാൻ ഇനി എന്ത് തുക കൂടി വേണ്ടിവരും;

(സി) ഇപ്പോഴത്തെ കണക്കുകൾ പ്രകാരം എം.വി.ഐ.പി പദ്ധതി പൂർത്തീകരിക്കുവാൻ ആകെ എന്ത് തുക വേണ്ടി വരും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ജലസേചന പദ്ധതികളുടെ പുരോഗതി</u>

3680 ശ്രീ. എം. ചന്ദ്രൻ
,, സാജു പോൾ
,, എസ്. ശർമ്മ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസേചന പദ്ധതികളുടെ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; ഏറ്റവും ഒടുവിൽ അവലോകനം നടത്തിയത് എപ്പോഴാണ് ;

(ബി) ലക്ഷ്യപ്രാപ്തിയും പുരോഗതിയും വിശദമാക്കാമോ ; പുരോഗതി വിലയിരുത്തിയ യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

നിട്ടാറമ്പ് - മുയ്യോറത്ത് പ്രദേശത്ത് 'ചെക്ക്ഡാം'

3681 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിനെയും മാലൂർ ഗ്രാമപഞ്ചായത്തിനെയും ബന്ധിപ്പിച്ചുകൊണ്ട് നിട്ടാറമ്പ് - മുയ്യോറത്ത് പ്രദേശത്ത് പുഴയ്ക്കുകുറുകെ 'ചെക്ക്ഡാം' നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകി ഫണ്ട് ലഭ്യമാക്കുവാനും നടപ്പു സാമ്പത്തിക വർഷം തന്നെ പ്രവർത്തി ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

## കല്ലട ഇറിഗേഷൻ പദ്ധതി

3682 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്ലട ഇറിഗേഷൻ പദ്ധതിയുടെ ആകെ എസ്റ്റിമേറ്റ് തുക എത്രയായിരുന്നു; പദ്ധതി പൂർത്തീകരിച്ചപ്പോൾ എന്ത് തുക ചെലവായി ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ലക്ഷ്യം എന്തായിരുന്നു ; ലക്ഷ്യം പൂർണ്ണമായും സാക്ഷാത്ക്കരിക്കുകയുണ്ടായിട്ടുണ്ടോ ;

(സി) ഇപ്പോൾ എത്ര സ്ഥലങ്ങളിലാണ് കനാലുകൾ മുഖേന ജലസേചനം നിർവ്വഹിച്ചു വരുന്നതെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് നടപടി</u>

3683 ശ്രീ. വി.എസ്. സുനിൽകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിലെ കടലോരം സംരക്ഷിക്കുന്നതിന്റെ ഭാഗമായി 'പുലിമുട്ടുകൾ' സ്ഥാപിക്കുന്നിന് നടപടി സ്വീകരിക്കുമോ ;

(ബി) അഴീക്കോട് മുനമ്പത്തെ പുലിമുട്ടിന്റെ നീളം ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പുലിമുട്ടുകളെപ്പറ്റി പഠിക്കുന്നിനും സ്ഥാപിക്കേണ്ട സ്ഥലങ്ങൾ കൃത്യമായി കണ്ടെത്തുന്നതിനും ഒരു പഠന സംഘത്തെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജ്</u>

3684

ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പുമന്ത്രി തിരുവനന്തപുരത്ത് വിളിച്ചുചേർത്ത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണ്;

(സി) ഇവയിൽ ഏതെല്ലാമാണ് നടപ്പിലാക്കാൻ കഴിഞ്ഞത്;

(ഡി) പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട 'പുള്ളി'(Pulley)ക്ക് ആവശ്യമായ തുക പദ്ധതിയുടെ എസ്റ്റിമേറ്റിൽ നിന്ന് വിട്ടുപോയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) 'പുള്ളി'(Pulley)ക്ക് ആവശ്യമായ തുക ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ജി) ഈ വിഷയം പഠിക്കാൻ ഗവൺമെന്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയ കാര്യവും അദ്ദേഹത്തിന്റെ ഇതു സംബന്ധിച്ച റിപ്പോർട്ടിന്റെ വിവരവും എന്തെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കൃഷി മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കിയ പദ്ധതികൾ</u>

3685 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കാരാപ്പുഴ, ബാണാസുരസാഗർ എന്നീ പദ്ധതികളുടെ വിപുലീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തനം പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>തൃക്കരിപ്പൂർ, പാടിയപ്പുഴയിൽ റെഗുലേറ്റർ കം ബ്രിഡ്ജ്</u>

3686 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ, പിലിക്കോട്, കരിവെള്ളൂർ - പെരളം, പയ്യന്നൂർ മുനിസിപ്പാലിറ്റികളിലെ നെൽപ്പാടങ്ങളിൽ വ്യാപകമായ തോതിലുള്ള ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് തൃക്കരിപ്പൂർ, പാടിയപ്പുഴയിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നത് സംബന്ധിച്ച് നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഈ പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ജല അതോറിറ്റി ടോൾഫ്രീ നമ്പർ സംവിധാനം

3687 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വിതരണം സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും പരാതി സ്വീകരിക്കുന്നതിന് ജല അതോറിറ്റി ടോൾ ഫ്രീനമ്പർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് ഇതാരംഭിച്ചതെന്നും ഇതിന്റെ പ്രവർത്തന സംവിധാനം എന്തൊക്കെയാണെന്നും വെളിപ്പെടുത്താമോ;

(ബി) ഈ സംവിധാനം നിലവിൽവന്നതുമുതൽ നാളിതുവരെ എത്ര പരാതികളാണ് ലഭ്യമായതെന്നും എത്ര പരാതികളിൽ തീർപ്പു കൽപ്പിച്ചെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

<u>കുറ്റ്യാടി ഇറിഗേഷൻ കനാൽ</u>

3688 ശ്രീ. സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ കനാൽ വടകര മുനിസിപ്പാലിറ്റി, ചോറോട്, ഒഞ്ചിയം, അഴിയൂർ, ഏറാമല പഞ്ചായത്തുകളിൽ ഈ വർഷം കനാൽ വഴി ജലം വിതരണം നടത്താൻ എന്തെല്ലാം പ്രവൃത്തികൾ ഈ വർഷം നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ ;

(ബി) അക്വുഡെറ്റുകളിൽ തകരാറുകൾ സംഭവിച്ചത് എവിടെയെല്ലാം അറ്റകുറ്റപ്പണികൾ ചെയ്തു ; ഇനി എവിടെയൊക്കെ നന്നാക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) എന്നത്തേക്ക് ജലം വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

"ജലവിഭവ വകുപ്പിനു കീഴിൽ എറണാകുളം നിയോജകമണ്ഡലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ"

3689 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ വിവിധ വിഭാഗങ്ങൾക്കു കീഴിൽ എറണാകുളം നിയോജക മണ്ഡലത്തിൽ പുരോഗമിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാമാണ്;

(ബി) ഈ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പട്ടുവം ജലസേചന പദ്ധതി</u>

3690 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പട്ടുവം ജലസേചന പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാകും;

(ബി) പുതുക്കിയ എസ്റ്റിമേറ്റിൽനിന്നും വിട്ടുപോയ മേഖലകളെയും കൂടി ഉൾപ്പെടുത്തി കൂടുതൽ വീടുകളിലേക്ക് കുടിവെള്ളം നല്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>നൂറ് ദിന കർമ്മ പരിപാടി - ജലവിഭവ വകുപ്പ്</u>

3691 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നൂറ്ദിനകർമ്മ പരിപാടിയുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് എന്തെല്ലാം പരിപാടികളാണ് ആവിഷ്ക്കരിച്ചതെന്നും എന്തെല്ലാമാണ് നടപ്പിലാക്കിയത് എന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

തോട്ടുമുഖം ഇറിഗേഷൻ പദ്ധതി

3692 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ തോട്ടുമുഖം ഇറിഗേഷൻ പദ്ധതി പ്രവർത്തനം തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ ഒന്നാംഘട്ടമെങ്കിലും കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി)

ശേഷിക്കുന്നത് സമയ ബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>മുട്ടിൽകാപ്പ് റഗുലേറ്റർ പദ്ധതിയുടെ നിർമ്മാണം</u>

3693 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ചെറുകുന്ന് പഞ്ചായത്തിലെ മുട്ടിൽകാപ്പ് റഗുലേറ്റർ പദ്ധതിയുടെ നിർമ്മാണം നിർത്തിവെച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം പൂർത്തീയാക്കാനാവശ്യമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>വല്ലാർപാടം ബണ്ടിന്റെ പുനരുദ്ധാരണം</u>

3694 ശ്രീ എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വല്ലാർപാടം ബണ്ടിന്റെ പുനരുദ്ധാരണത്തിനും, സ്ളൂയിസുകളുടെ നിർമ്മാണത്തിനും എത്ര ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് ജിഡ കൗൺസിൽ അംഗീകരിച്ചിട്ടുളളത്; തുടർനടപടികൾ വിശദീകരിക്കാമോ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

<u>കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾ</u>

3695 ശ്രീ.പി. റ്റി. എ.റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ, ഇറിഗേഷൻ, റിവർ മാനേജ്മെന്റ് ഫണ്ട് എന്നീ വിഭാഗങ്ങളിൽ ഭരണാനുമതി ലഭിച്ചതും പ്രവൃത്തി ആരംഭിക്കാത്തതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിയും ആരംഭിക്കുന്നതിൽ വന്ന കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

ചമ്രവട്ടം പദ്ധതി

3696 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചമ്രവട്ടം പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള ടെക്നിക്കൽ കമ്മിറ്റി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ കൂടുകയുണ്ടായി എന്നു വ്യക്തമാക്കുമോ;

(ബി) കൂടിയിട്ടുണ്ടെങ്കിൽ പ്രസ്തുത യോഗത്തിൽ എന്തെങ്കിലും തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതിയുടെ ത്വരിതഗതിയിലുള്ള പൂർത്തീകരണത്തിനായി ഈ സാങ്കേതിക കമ്മിറ്റിയുടെ ചുമതല, പ്രോജക്ടിന്റെ ചുമതലയുള്ള ചീഫ് എഞ്ചിനീയർക്ക് മാത്രമായി നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കെ.ഡബ്ല്യു.എ. യുടെ പദ്ധതികളുടെ അവലോകനം</u>

3697 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.ഡബ്ല്യു.എ. യുടെ കീഴിൽ പദ്ധതികൾ നടന്നുവരുന്ന മണ്ഡലങ്ങളിൽ പദ്ധതി അവലോകനവും പ്രവർത്തനവും പരിശോധിക്കാനും ത്വരിതപ്പെടുത്തുവാനും സുതാര്യമാക്കുവാനും കെ.എസ്.ഇ.ബി. യുടെ മാതൃകയിൽ മണ്ഡലം അടിസ്ഥാനത്തിൽ ജനപ്രതിനിധികളെയും (തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉൾപ്പെടെ) ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി ഉപദേശക സമിതികൾ രൂപീകരിക്കാമോ;

(ബി) ഒറ്റൂർ, മണമ്പൂർ പഞ്ചായത്തുകൾക്ക് കുടിവെള്ളമെത്തിക്കുന്ന വർക്കല ജലസേചന പദ്ധതി ചുവപ്പ് നാടയിൽ കുരുങ്ങി നിർവ്വഹണ പ്രവർത്തനങ്ങൾ നിലച്ചത് ശ്രദ്ധയിൽപ്പെടുത്തിയിട്ടും നടപടികൾ വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; ഇപ്പോൾ ഇത് പരിഹരിക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ചിറക്കര കെ. ഐ.പി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>

3698 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ചിറക്കര കെ. ഐ. പി. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഇപ്പോഴത്തെ പ്രവർത്തനക്ഷമത അറിയിക്കുമോ;

(ബി) ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പ്രാവർത്തികമാക്കുന്നതിലേക്ക് കഴിഞ്ഞ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരുന്നത്; നാളിതുവരെ വൈദ്യുതി വകുപ്പിന് എത്ര രൂപ അടച്ചിട്ടുണ്ട്;

(സി) കെ.എസ്.ഇ.ബി യ്ക്ക് വൈദ്യുതി കണക്ഷൻ ഇനത്തിൽ എത്ര രുപ കുടിശ്ശിക നൽകുവാനുണ്ട്;

(ഡി) ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിതമായശേഷം അറ്റകുറ്റപ്പണികൾക്കായി നാളിതുവരെ ചെലവായ തുക എത്രയാണ്;

(ഇ) ഒരു ദിവസമെങ്കിലും ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തിപ്പിക്കുവാൻ സാദ്ധ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(എഫ്) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുവാൻ ഗവൺമെന്റ് എന്തൊക്കെ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

<u>ജലസുരക്ഷാ പദ്ധതി</u>

3699 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ജലസുരക്ഷാ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ജലസുരക്ഷാ പദ്ധതി തുടർന്നും നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ജലസുരക്ഷാ പദ്ധതിയുടെ തുടർ നടപടികൾ സ്വീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ അടൂർ മണ്ഡലത്തിലെ ഗ്രാമ പഞ്ചായത്തുകളെ ഉൾപ്പെടുത്താൻ നടപടി</u>

3700 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 26 ഗ്രാമപഞ്ചായത്തുകളിലായി നടപ്പിലാക്കാൻ പോകുന്ന ജലനിധി രണ്ടാം ഘട്ട പദ്ധതിയിൻകീഴിൽ അടൂർ മണ്ഡലത്തിലുള്ള എത്ര പഞ്ചായത്തുളെ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ബി) ഇല്ലെങ്കിൽ അടൂർ മണ്ഡലത്തിലുള്ള പഞ്ചായത്തുളെക്കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ജലനിധിയെ ജലഅതോറിറ്റിയുമായി ബന്ധിപ്പിക്കുന്ന നടപടി</u>

3701 ശ്രീ. സി. ദിവാകരൻ
,, ഇ.കെ. വിജയൻ
,, കെ. രാജു
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ലോക ബാങ്ക് സഹായത്തോടെ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഗ്രാമീണ ശുദ്ധജല വിതരണ ഏജൻസിയെ (ജലനിധി) കേരള ജല അതോറിറ്റിയുമായി ബന്ധിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ നടപടികളാണ് ഇതിനകം സ്വീകരിച്ചത്;

(സി) ഇതുമൂലം സംസ്ഥാനത്തെ ഒരു ഭരണ വകുപ്പ് വിദേശ ഏജൻസിയുടെ ആജ്ഞാനുവർത്തിയായി മാറുമെന്നുള്ള അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ജല അതോറിറ്റിയിലെ ജീവനക്കാർക്ക് ഇതുമൂലം ബുദ്ധിമുട്ടുകൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ടോ;

(ഇ) എങ്കിൽ ഇവരെ സംരക്ഷിക്കുന്നതിന് എന്തൊക്കെ മുൻകരുതലുകൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ജലനിധിയുടെ എക്സിക്യൂട്ടിവ് ഡയറക്ടറുടെ നിയമനം

3702 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് പദ്ധതിയായ ജലനിധിയുടെ നടത്തിപ്പുകാരായ കെ.ആർ.ഡബ്ല്യൂ.എസ്.എ. യുടെ എക്സിക്യൂട്ടീവ് ഡയറക്ടറെ കേരളാ വാട്ടർ അതോറിറ്റിയുടെ ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വാട്ടർ സപ്ലൈ ആന്റ് സിവറേജ് ആക്ടിലെ ഏത് വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് ഈ നിയമനം എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

പ്രവർത്തനരഹിതമായിരിക്കുന്ന ജലനിധി പദ്ധതി

3703 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2003-04-ൽ ജലനിധി പദ്ധതി പൂർണ്ണമായും നടപ്പാക്കിയ ഒരു തീരദേശ പഞ്ചായത്താണ് മലപ്പുറം ജില്ലയിലെ താനൂർ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്നാൽ വർഷങ്ങളായി പദ്ധതി ഇവിടെ ഭാഗികമായി പ്രവർത്തനരഹിതമായിരിക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) പൈപ്പ്ലൈൻ സ്ഥാപിച്ചതിലെ അപാകതയാണോ പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം;

(ഡി) അതല്ലെങ്കിൽ തടസ്സമായ ഘടകം എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) പദ്ധതിയുടെ ഭാഗികകമായ പ്രവർത്തനം തീരപ്രദേശത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് വഴി ഒരുക്കിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ജലനിധി പദ്ധതി നിലവിലുളളതു മൂലം പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പൈപ്പുകൾ റിപ്പയർ ചെയ്യാൻ കഴിയാത്തുതും മറ്റു പദ്ധതികൾ ഇവിടെ നടപ്പാക്കാൻ പറ്റാത്തതുമായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ജി) പദ്ധതിയുടെ രണ്ടാം ഘട്ടം ഇവിടെ എന്നു മുതലാണ് നടപ്പാക്കുക; രണ്ടാംഘട്ടത്തിൽ ജലവിതരണം സുഗമമാക്കുന്ന രീതിയിൽ പൈപ്പുകൾ ക്രമീകരിക്കുമോ;

(എച്ച്) അറ്റകുറ്റ പ്രവർത്തികൾ നടത്തുന്നതിനാവശ്യമായ ഫണ്ടും അത് ചെലവഴിക്കുന്നതിന് പഞ്ചായത്തുകൾക്ക് അനുമതിയും നൽകുമോ;

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

(ഐ) താനൂര്‍ തീരപ്രദേശത്തെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി എന്തെങ്കിലും പുതിയ പദ്ധതി പരിഗണനയിലുണ്ടോ; എങ്കില്‍ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ജലനിധിയുടെ രണ്ടാംഘട്ട പ്രവര്‍ത്തനങ്ങള്‍</u>

3704 ശ്രീ. എം. വി. ശ്രേയാംസ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ ജലനിധിയുടെ ഒന്നാം ഘട്ട പ്രവര്‍ത്തനങ്ങള്‍ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 'ജലനിധി' ഒന്നാം ഘട്ട പ്രവര്‍ത്തനങ്ങളില്‍ നിന്നും എന്തെല്ലാം മാറ്റങ്ങള്‍ വരുത്തിയാണ് രണ്ടാംഘട്ട പ്രവര്‍ത്തനങ്ങള്‍ ആവിഷ്ക്കരിക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ജലനിധിയുടെ രണ്ടാംഘട്ട പ്രവര്‍ത്തനങ്ങള്‍ കാര്യക്ഷമമായി നടപ്പാക്കുന്നതിനു സ്വീകരിച്ചിരിക്കുന്ന ഇംപ്ലിമെന്റേഷന്‍ സ്ട്രാറ്റജി എന്തെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

2009-10 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതി

3705 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യു.ഡബ്ലിയൂ.എസ്.എസ്. ടു മഞ്ചേരി-റിപ്ലേസിംഗ് എക്സിസ്റ്റിംഗ് പ്രീമോ ഗ്രാവിറ്റി മെയിൻ വിത് 600 എം.എം. ഡി.ഐ.കെ.ജി. പൈപ്പ് എന്ന 2009-10 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി ആരംഭിക്കാൻ തടസ്സങ്ങളുണ്ടോ;

(സി) ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് എത്ര സമയം വേണമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) പദ്ധതി കമ്മീഷൻ ചെയ്യുന്നത് എന്നാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ജല അതോറിറ്റിക്ക് പിരിഞ്ഞ് കിട്ടേണ്ട കുടിശ്ശിക</u>

3706 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലഅതോറിറ്റിക്ക് കുടിശ്ശികയിനത്തിൽ വിവിധ സ്ഥാപനങ്ങളിൽ നിന്ന് എത്ര രൂപ പിരിഞ്ഞുകിട്ടാനുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇത് ഏതെല്ലാം സ്ഥാപനങ്ങളാണെന്നും കുടിശ്ശിക എത്രയാണെന്നും സ്ഥാപനം തിരിച്ച് പ്രത്യേകം വിശദമാക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാന്നൂർ കടപ്പുറം, മരക്കാപ്പ് കടപ്പുറം എന്നിവിടങ്ങളിൽ കടൽഭിത്തി കെട്ടുന്നതിന് നടപടി</u>

3707 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാന്നൂർ, കടപ്പുറം മരക്കാപ്പ് കടപ്പുറം എന്നിവിടങ്ങളിൽ ഇക്കഴിഞ്ഞ കാലവർഷത്തിൽ വൻതോതിൽ കടലാക്രമണം ഉണ്ടാവുകയും കരയും റോഡുകളും കടലെടുക്കുകയും ചെയ്ത കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ ഭാഗത്ത് കടൽഭിത്തി കെട്ടണമെന്ന് ജില്ലാകലക്ടർ സർക്കാരിലേക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(സി) രൂക്ഷമായ കടലാക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഇവിടെ കടൽഭിത്തി കെട്ടുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>വൈപ്പിനിലെ തോടുകളും കായലുകളും ഭിത്തികെട്ടി സംരക്ഷിക്കുന്നതിന് പദ്ധതി</u>

3708 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തീരദേശ മണ്ഡലമായ വൈപ്പിനിലെ തോടുകളും കായലുകളും ഭിത്തികെട്ടി സംരക്ഷിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനായി പ്രത്യേക ഫണ്ടിംഗ് സംവിധാനം നിലവിലുണ്ടോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>മലമ്പുഴ ഗാർഡന്റെ നവീകരണ പദ്ധതി</u>

3709 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ.വി. വിജയദാസ്
ശ്രീമതി. കെ.എസ്. സലീഖ
ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ ഗാർഡന്റെ നവീകരണ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഭരണാനുമതി നൽകപ്പെട്ട പദ്ധതിയുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; പദ്ധതി പൂർത്തീകരിക്കാൻ എന്തു തുക വേണം ;

(സി) 2011-12 സാമ്പത്തിക വർഷത്തിൽ ഇതിനായി ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട് ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>നദീജലവിനിയോഗം കേന്ദ്ര-സംസ്ഥാന (കൺകറന്റ് ലിസ്റ്റ്) പട്ടികയിൽ ഉൾപ്പെടുത്താനുള്ള കേന്ദ്ര സർക്കാർ നിർദ്ദേശം</u>

3710 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണഘടന പ്രകാരം നിലവിൽ സംസ്ഥാന പട്ടികയിലുള്ള നദീജലവിനിയോഗം കേന്ദ്ര-സംസ്ഥാന (കൺകറന്റ് ലിസ്റ്റ്)പട്ടികയിൽ ഉൾപ്പെടുത്താനുള്ള കേന്ദ്ര സർക്കാർ നിർദ്ദേശം സംസ്ഥാന സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംസ്ഥാനത്തെ ഏതെല്ലാം നിലയിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പൈൽ ആൻഡ് സ്ലാബ് പദ്ധതി നടത്തിപ്പിലെ അപാകത</u>

3711 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് കാർഷിക പാക്കേജിൽ ഉൾപ്പെടുത്തി കായൽ പാടശേഖരങ്ങളിൽ പൈൽ ആൻഡ് സ്ലാബ് സിസ്റ്റം നടപ്പിലാക്കുന്നതിൽ, പ്രതിതോധ ഭിത്തികൾ നിർമ്മിക്കാൻ ഉപയോഗിക്കുന്ന കമ്പിക്കും സിമന്റിനും എൻജിനീയറിംഗ് വിംഗ് നിർദ്ദേശിച്ചിട്ടുള്ള തരത്തിലുള്ള ഗുണമേന്മ ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്ത് നടപടിയാണ് കൈക്കൊണ്ടത് ;

(സി) ഇവയുടെ നിർമ്മാണത്തിൽ ഉപയോഗിക്കേണ്ട കമ്പിയുടെ സ്പെസിഫിക്കേഷനും സിമന്റ്, മണൽ, ചല്ലി എന്നിവ ഏതനുപാതത്തിലാണ് ചേർക്കേണ്ടതെന്നും വ്യക്തമാക്കുമോ ;

(ഡി) പൈൽ വെള്ളത്തിനടിയിലേക്ക് ബലവത്തായി താഴ്ത്തിയിടുന്നില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ഇ) സ്ലാബുകൾ പലരീതിയിലാണ് സ്ഥാപിച്ചിട്ടുള്ളതെന്നും സ്ലാബുകൾ വെള്ളത്തിൽ താഴ്ത്താതെ ഫൈബർ ഷീറ്റുകൾ നിരത്തി പണിപൂർത്തീകരിക്കുനുള്ള ശ്രമങ്ങൾ നടക്കുന്നതായുള്ള ആക്ഷേപത്തിന്മേൽ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(എഫ്) കരാറുകാർ ഇക്കാര്യത്തിൽ ഗുരുതരമായ കൃത്യവിലോപം കാണിച്ചിട്ടുണ്ടെങ്കിൽ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ ;

(ജി) ഫയലുകൾ, സ്ലാബുകൾ എന്നിവ നിർമ്മിക്കുമ്പോഴും സ്ഥാപിക്കുമ്പോഴും ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ സൂപ്പർവൈസ് ചെയ്തിട്ടുണ്ടോ ; കരാറുകാർക്ക് പാർട്ടു ബിൽ തയ്യാറാക്കി കമ്മീഷൻ പറ്റുന്ന രീതിയാണ് പണിയാണ് ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ നടത്തി വരുന്നതെന്നുള്ള ആക്ഷേപം പരിശോധിക്കുമോ ;

# കേരള നിയമസഭ

## 17.10.2011-ലെ മറുപടിക്ക്

| | |
|---|---|
| (എച്ച്) | ഉദ്യോഗസ്ഥരുടെ അനാസ്ഥയെയും അഴിമതിയെയുംപറ്റി അന്വേഷിച്ച് നടപടി സ്വീകരിക്കുമോ ? |

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

വാട്ടർ അതോറിറ്റിയിലെ ടെക്നിക്കൽ വിഭാഗം
ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ്

3712 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വാട്ടർ അതോറിറ്റിയിലെ ടെക്നിക്കൽ വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് അംഗീകരിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്പെഷ്യൽ റൂൾസ് അംഗീകരിക്കാത്തതു കാരണം വാട്ടർ അതോറിറ്റിയിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് അർഹമായ സ്ഥാനകയറ്റം ലഭിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ഓവർസീയർമാരുടെ നിയമന രീതി

3713 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിലെ ഗ്രേഡ് 2 ഓവർസീയർമാരുടെ മുൻഗണനാലിസ്റ്റിലെ നേരിട്ടുള്ള നിയമനം, പ്രമോഷൻ മുഖാന്തിരമുള്ള നിയമനം എന്നിവയുടെ അനുപാതം എത്രയാണ് ;

(ബി) ഗ്രേഡ് 2 ഓവർസീയർമാരുടെ നിലവിലുള്ള മുൻഗണനാ ലിസ്റ്റിൽ നേരിട്ടുള്ള നിയമനം, പ്രമോഷൻ മുഖാന്തിരമുള്ള നിയമനം എന്നിവയുടെ അനുപാതം കൃത്യമായി പാലിക്കപ്പെട്ടിട്ടുണ്ടോ ;

(സി) ഗ്രേഡ് 2 ഓവർസീയർമാരുടെ നിലവിൽ പ്രാബല്യത്തിലുള്ള മുൻഗണനാ ലിസ്റ്റിന്റെ ഉത്തരവ് നമ്പരും തീയതിയും സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>വെള്ളക്കരം ഉയർത്തുന്നതിന് ശുപാർശ</u>

3714 ശ്രീ.കെ.കെ.നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെള്ളക്കരം വർദ്ധിപ്പിക്കുന്നതിന് ജലഅതോറിട്ടി ശുപാർശ നല്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>വെള്ളക്കരം</u>

3715 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെള്ളക്കരം വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>വെള്ളക്കരം</u>

3716 ശ്രീ. പി. കെ. ഗുരുദാസൻ
,, സി. കെ. സദാശിവൻ
,, കെ. ദാസൻ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളക്കരം കൂട്ടാൻ വാട്ടർ അതോറിറ്റി തീരുമാനിച്ചിട്ടുണ്ടോ;

(ബി) വാട്ടർ അതോറിറ്റി ബോർഡ് തീരുമാനം അനുസരിച്ചുള്ള വെള്ളക്കര നിരക്ക് വെളിപ്പെടുത്താമോ;

(സി) ഗാർഹിക, ഗാർഹികേതര, വ്യവസായ ഉപഭോക്താക്കളുടെ നിലവിലുള്ള നിരക്കും ബോർഡ് തീരുമാനിച്ച നിരക്കും വിശദമാക്കുമോ;

(ഡി) നിരക്കുകളിൽ എത്ര ശതമാനം വർദ്ധനയുണ്ടായിട്ടുണ്ട്?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ അണക്കെട്ടിന്റെ അപകടാവസ്ഥ</u>

3717 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, രാജു എബ്രഹാം
,, കെ. സുരേഷ് കുറുപ്പ്
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ അപകടാവസ്ഥയെ സംബന്ധിച്ച ഇന്റലിജൻസ് റിപ്പോർട്ട് സർക്കാർ പരിഗണിക്കുകയുണ്ടായോ ;

(ബി) ഇക്കാര്യം ചർച്ച ചെയ്യാൻ ഉന്നതതലയോഗം ചേരുകയുണ്ടായോ ; യോഗ തീരുമാനങ്ങൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

മുല്ലപ്പെരിയാറിൽ പുതിയ ഡാം

3718 ശ്രീ. പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നത് സംബന്ധിച്ച് സുപ്രീംകോടതി ഉന്നതാധികാര സമിതി കേരളത്തോട് ആവശ്യപ്പെട്ട റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാലതാമസം വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് നാളിതുവരെ സർക്കാർ എടുത്ത നടപടികൾ വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>മുടപ്പത്തൂർ പുഴയ്ക്ക് ചെക്ക്ഡാം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം</u>

3719 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ മുടപ്പത്തൂർ പുഴയിൽ ചെക്ക്ഡാം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഡിസൈൻ അംഗീകരിക്കപ്പെടുകയുണ്ടായോയെന്നു വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ്;

(ഡി) പദ്ധതിക്ക് നബാർഡ് ധനസഹായം ലഭ്യമാക്കുവാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നു
വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ലിഫ്റ്റ് ഇറിഗേഷന്‍ പദ്ധതികള്‍</u>

3720 ശ്രീ. വി. ഡി. സതീശന്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, ഡൊമിനിക് പ്രസന്റേഷന്‍
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം ലിഫ്റ്റ് ഇറിഗേഷന്‍ പദ്ധതികള്‍ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികള്‍ എന്തെല്ലാമാണ്;

(ബി) എത്ര പദ്ധതികള്‍ക്ക് ഇതുവരെ അനുമതി നല്‍കിയിട്ടുണ്ട്;

(സി) ലിഫ്റ്റ് ഇറിഗേഷന്‍ പദ്ധതികളുടെ പനരുദ്ധാരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികള്‍ വിശദമാക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ഡാമുകളുടെ നവീകരണം

3721 ശ്രീ. കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, ബെന്നി ബെഹനാൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം ജലവിഭവ വകുപ്പിനു കീഴിലുള്ള ഡാമുകളുടെ നവീകരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) അണക്കെട്ടുകൾ ബലപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള ലോകബാങ്കിന്റെ ഡ്രിപ് പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(സി) ലോകബാങ്കിന്റെ സഹായം ലഭിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കടലുണ്ടിപ്പുഴയിലും തൂതപ്പുഴയിലും നിർമ്മിച്ചിട്ടുള്ള ജലസേചന ഡാമുകൾ</u>

3722 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടലുണ്ടിപ്പുഴയിലും തൂതപ്പുഴയിലും (കുന്തിപ്പുഴ) ജലസേചന ഡാമുകൾ ഏതെങ്കിലും നിർമ്മിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ രണ്ടു പുഴകളിലേയും ജലസമ്പത്ത് തടഞ്ഞു നിർത്തി ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുമോ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

<u>ജലസ്രോതസ്സുകളുടെ മലിനീകരണം</u>

3723 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകൾ അനിയന്ത്രിതമായി മലിനമാക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജലസ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിന് കേന്ദ്രധനസഹായത്തോടെ ഒരു ബൃഹത്തായ പദ്ധതി നടപ്പിലാക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻഗവൺമെന്റ് തയ്യാറാകുമോ;

(സി) നദികളും പുഴകളും ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ജലമലിനീകരണം തടയുന്നതിന് എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് ഇപ്പോൾ നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ഒഴൂർ കുടിവെള്ള പദ്ധതി

3724 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ കുടിവെള്ളക്ഷാമം നിലനിൽക്കുന്ന താനൂർ നിയോജകമണ്ഡലത്തിലെ ഒഴൂർ-പൊൻമുണ്ടം പ്രദേശത്ത് കുടിവെള്ളമെത്തിക്കാനുള്ള ഒഴൂർ കുടിവെള്ള പദ്ധതിയുടെ പ്രൊപ്പോസൽ വാട്ടർ അതോറിറ്റി ഇതിനകം തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര രൂപയാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തുക;

(സി) എസ്റ്റിമേറ്റ് സർക്കാരിനു സമർപ്പിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രൊപ്പോസൽ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; പദ്ധതി എസ്.എൽ.സി യുടെ പരിഗണനയിലാണോ; എങ്കിൽ എസ്.എൽ.സി യോഗം എന്നു ചേരുമെന്നും പ്രസ്തുത യോഗത്തിൽ പദ്ധതി പരിഗണിക്കുമോ എന്നുമുള്ള വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>'ടെട്രാ' പാക്കറ്റുകളിൽ ശുദ്ധജലം</u>

3725 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ** **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്ലാസ്റ്റിക് കുപ്പികൾക്ക് പകരം 'ടെട്രാ' പാക്കറ്റുകളിൽ ശുദ്ധജലം വിതരണം ചെയ്യുന്ന ജലഅതോറിറ്റിയുടെ പദ്ധതിയുടെ പ്രവർത്തനം വിശദമാക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>എരമം-കുറ്റൂര്‍ പഞ്ചായത്തില്‍ കുടിവെള്ള പദ്ധതി</u>

3726 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കണ്ണൂര്‍ ജില്ലയില്‍ എരമം-കുറ്റൂര്‍ പഞ്ചായത്തില്‍ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട നിര്‍ദ്ദേശങ്ങള്‍ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പെരിങ്ങത്തൂർ പദ്ധതി</u>

3727 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചൊക്ലി-പന്ന്യന്നൂർ-ന്യൂമാഹി പഞ്ചായത്തുകളിൽ പെരിങ്ങത്തൂർ പുഴയിൽനിന്ന് കുടിവെള്ളം ലഭ്യമാക്കുന്നത് സംബന്ധിച്ച പദ്ധതിയുടെ പ്രൊപ്പോസൽ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) ഈ പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ;

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ശ്രീകൃഷ്ണപുരം കുടിവെള്ള പദ്ധതി</u>

3728 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരം കുടിവെള്ളപദ്ധതിക്ക് എത്ര രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാമാക്കാമോ;

(സി) പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യുന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഏതെല്ലാം പ്രദേശങ്ങളിലെ എത്ര കുടുംബങ്ങൾക്കാണ് പദ്ധതി മൂലം പ്രയോജനം ലഭിയ്ക്കുക എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ജല പരിശോധന

3729 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണമേന്മ കൃത്യമായി പരിശോധിക്കാറുണ്ടോ ; എത്ര ദിവസത്തിൽ ഒരിക്കലാണ് പരിശോധന നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ എവിടെയാണ് ജലം പരിശോധിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് ജലം പരിശോധിക്കാൻ എത്ര കേന്ദ്രങ്ങൾ ഉണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കൊടിയത്തൂർ, കാരശ്ശേരി, മുക്കം എന്നീ ഗ്രാമ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടികൾ</u>

3730 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജക മണ്ഡലത്തിലെ കൊടിയത്തൂർ, കാരശ്ശേരി, മുക്കം എന്നീ ഗ്രാമ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ലക്ഷ്യമിട്ട് തയ്യാറാക്കിയ സമഗ്ര കുടിവെള്ള പദ്ധതിക്ക് എസ്.എൽ.എസ്.സി/സി.ഡബ്ല്യൂ.എസ്.എസ് സ്കീമിൽ അനുമതി ലഭിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) എന്ന് അനുമതി നൽകാനാകുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>വെസ്റ്റ് എളേരി ഭീമനടി കുടിവെള്ള പദ്ധതി</u>

3731 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

വെസ്റ്റ് എളേരി ഭീമനടി കുടിവെള്ള പദ്ധതിയിൽ സമീപ പ്രദേശങ്ങളിലെ ഗുണഭോക്താക്കളെ കൂടി ഉൾപ്പെടുത്തുന്നതിന് 2 കി.മീ. നീളത്തിൽ പൈപ്പ് നീട്ടുന്നതിനുള്ള എസ്റ്റിമേറ്റിന് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>തൃക്കരിപ്പൂർ മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം</u>

3732 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നീലേശ്വരം മുൻസിപ്പാലിറ്റിയിലെയും വലിയപറമ്പ്, പടന്ന, തൃക്കരിപ്പൂർ, ചെറുവള്ളൂർ എന്നീ പഞ്ചായത്തുകളിലെയും തീരദേശങ്ങളിൽ വസിക്കുന്നവർ അനുഭവിക്കുന്ന കുടിവെള്ളക്ഷാമം പരിഹരിക്കാൻ കേരളവാട്ടർ അതോറിറ്റി തയ്യാറാക്കിയ കുടിവെള്ള പദ്ധതിക്കുള്ള പ്രപ്പോസൽ അംഗീകാരം നൽകി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കാലപ്പഴക്കം ചെന്ന് ദ്രവിച്ചു തുടങ്ങിയ
പൈപ്പിലൂടെയുള്ള ജലവിതരണം</u>

3733 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കം ചെന്ന് ദ്രവിച്ചുതുടങ്ങിയ പൈപ്പിലൂടെ ജലവിതരണം നടത്തുമ്പോൾ ഉണ്ടാകാനിടയുള്ള ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പുദ്യോഗസ്ഥൻമാർ അടങ്ങിയ സംഘം അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

<u>ഐലംകോട് കുടിവെള്ള പദ്ധതി</u>

3734 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ ഐലംകോട് കുടിവെള്ള പദ്ധതിക്ക് അനുമതി നൽകിയത് എന്നാണ്;

(ബി) ഏതു പദ്ധതി പ്രകാരമാണ് അനുമതി നൽകിയതെന്നും എന്നാണ് പ്രവർത്തി ആരംഭിച്ചതെന്നും പറയാമോ;

(സി) പദ്ധതി പൂർത്തീകരിക്കുന്നതിൽ ഉണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) എന്ന് പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

<u>കോതമംഗലം താലൂക്കിലെ കുട്ടമ്പുഴ കുടിവെള്ള പദ്ധതി</u>

3735 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിലെ കുട്ടമ്പുഴ കുടിവെള്ള പദ്ധതിയുടെ പ്ലാന്റും മറ്റ് അനുബന്ധപ്രവർത്തികളും പൂർത്തികരിച്ചിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വിശദമാക്കാമോ;

(സി) ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതിൽ എന്തെങ്കിലും തടസ്സം ഉണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

<u>കല്ലറ - പനവൂർ - പുലമ്പാറ കുടിവെള്ള പദ്ധതി</u>

3736 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കല്ലറ - പനവൂർ - പുലമ്പാറ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(ബി) ഡിസ്ട്രിബ്യൂഷൻ ലൈനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതി പൂർത്തിയാക്കുന്നതിന് എത്ര കാലാവധി വേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ദേശീയ ജലപാത നിർമ്മാണം</u>

3737 ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയുടെ സുഗമമായ നിർമ്മാണ പ്രവൃത്തികൾക്ക് തടസ്സമായി നില്ക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ്; ഫണ്ടിന്റെ അഭാവം ഉണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത ജലപാതയുടെ നിർമ്മാണ പ്രവൃത്തികൾക്ക് പ്രാദേശികമായ എതിർപ്പുകൾ എന്നാണ് ഉടലെടുത്തത്; എതിർപ്പുകൾക്ക് പരിഹാരം കാണാൻ സാധിച്ചുവോ ; ആയതിന് ആരെയാണ് ചുമതലപ്പെടുത്തിയത് ;

(സി) ദേശീയ ജലപാതയുടെ ഭാഗമായ ആലപ്പുഴ-കായംകുളം മേഖലയിലെ ക്യാപ്പിറ്റൽ ഡ്രെഡ്ജിംഗ്, കായംകുളം-ഇടപ്പള്ളിക്കോട്ട സ്ട്രെച്ചിൽ എന്നീ പ്രവർത്തികൾ നിശ്ചയിച്ച സമയത്തു തന്നെ പൂർത്തീകരിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ ;

(ഡി) സർക്കാരിന്റെ ഒരു വർഷത്തെ പരിപാടിയിൽ ഉൾപ്പെടുത്തി ജലപാത നിർമ്മാണം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ജലപാത വികസനം</u>

3738 ശ്രീ. സി. മോയിൻകുട്ടി
,, വി.എം. ഉമ്മർ മാസ്റ്റർ
,, എൻ. ഷംസുദ്ദീൻ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 13-ാം ധനകാര്യ കമ്മീഷന്റെ അവാർഡിൽ ഉൾപ്പെടുത്തി സംസ്ഥാന ജലപാതാവികസനത്തിന് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദ വിവരം വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം ഭാഗങ്ങൾ സഞ്ചാരയോഗ്യമാക്കാനാവുമെന്നാണ് കണക്കാക്കുന്നത്;

സി) ഈ പ്രവൃത്തികൾ കൂടി പൂർത്തിയാവുമ്പോൾ കോവളം-കൊല്ലം പാതയും, കോട്ടപ്പുറം-നീലേശ്വരം പാതയും പൂർണ്ണമായും സഞ്ചാരയോഗ്യമാവുമോ; ഇല്ലെങ്കിൽ പൂർണ്ണമായും സഞ്ചാരയോഗ്യമാക്കാൻ ഏതൊക്കെ പ്രവൃത്തികൾ കൂടി ചെയ്യേണ്ടിവരുമെന്നതു സംബന്ധിച്ച് വിശദമാക്കുമോ;

(ഡി) സംസ്ഥാന ജലപാത സഞ്ചാരയോഗ്യമാക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ പത്തുവർഷം ചെലവിട്ടത് എന്തു തുകയാണെന്നും, ഏതെല്ലാം ഭാഗം സഞ്ചാരയോഗ്യമാക്കിയെന്നും വിശദമാക്കുമോ;

(ഇ) ഈ പാതയോടനുബന്ധിച്ചുവരുന്ന കായലുകളിൽ ഇതിനോടനുബന്ധിച്ച് പണികൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിനായി ചെലവിട്ട തുകയുടെ വിശദവിവരം നൽകാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കൊല്ലം കോട്ടപ്പുറം ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

3739 ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി
'' പി.ബി. അബ്ദുൾ റസാക്
'' കെ.എം. ഷാജി
'' മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ചുമതല വഹിക്കുന്നത് ഏത് ഏജൻസിയാണ് ;

(ബി) ഇതിന്റെ നിർമ്മാണ പുരോഗതി വിലയിരുത്താൻ സംസ്ഥാന സർക്കാരിനു കീഴിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(സി) ഈ ദേശീയ ജലപാതയുടെ വികസന നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ ;

(ഡി) ദേശീയ ജലപാതയുടെ ആഴവും വീതിയും സംബന്ധിച്ച മാനദണ്ഡമെന്താണ് വ്യക്തമാക്കുമോ ;

(ഇ) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള എത്ര കിലോമീറ്റർ പാതയാണ് കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ വികസിപ്പിച്ചുവരുന്നതെന്നും, ഇതിനോടനുബന്ധിച്ച് സംസ്ഥാന സർക്കാർ എന്തെങ്കിലും അടിസ്ഥാന സൗകര്യ വികസന നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ചേലാമോടി ശുദ്ധജല പദ്ധതി</u>

3740 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജക മണ്ഡലത്തിലെ കുറ്റൂർ പഞ്ചായത്തിലെ ചേലാമോടി ശുദ്ധജല പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) ആയതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കടമക്കുടി പഞ്ചായത്തിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള നടപടി</u>

3741 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടമക്കുടി പഞ്ചായത്തിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) മുപ്പത്തടം വാട്ടർ ടാങ്കിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ</u>

3742 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ബി) മാവേലിക്കര മണ്ഡലത്തിലെ പാറ്റൂർ കുടിവെള്ള പദ്ധതി എന്നു പൂർത്തിയാക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>നാട്ടിക നിയോജക മണ്ഡലത്തിലെ  കുടിവെള്ള ക്ഷാമം</u>

3743 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടുത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഇത്വരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നാട്ടിക നിയോജക മണ്ഡലത്തിൽ സമഗ്രമായ ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ജിക്ക പദ്ധതിയുടെ ട്രാൻസ്മിഷൻ പൈപ്പ് ലൈൻ</u>

3744 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജിക്ക പദ്ധതിയുമായി ബന്ധപ്പെട്ട് ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്മിഷൻ പൈപ്പ് ലൈനുകൾ പൊട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര പ്രാവശ്യം എവിടെയെല്ലാം പൈപ്പ് പൊട്ടിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഉന്നത സാങ്കേതിക വിദ്യ ഉപയോഗിച്ച് സ്ഥാപിച്ചിട്ടുള്ള പ്രസ്തുത പൈപ്പുകൾ പൊട്ടിപ്പോകുന്നതിന്റെ കാരണത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ഡി) നിലവിൽ കേടുവരുന്ന പൈപ്പുകൾ പണിയുവാനും പുനരുദ്ധരിക്കുവാനും ആർക്കാണ് ചുമതല; ഈ സംവിധാനം എത്രനാൾ തുടരുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കിഴക്കേ മഞ്ഞനക്കാട് ദ്വീപിൽ കുടിവെള്ളം എത്തിക്കുന്നതിന് സംവിധാനം</u>

3745 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൈപ്പിൻ മണ്ഡലത്തിലെ കിഴക്കേ മഞ്ഞനക്കാട് ദ്വീപിൽ കുടിവെള്ളം മുടക്കമില്ലാതെ എത്തിക്കുന്നതിന് നിലവിൽ എന്ത് സംവിധാനമാണുള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കാളിപ്പാറ ശുദ്ധജലവിതരണ പദ്ധതി</u>

3746 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാളിപ്പാറ ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നു മുതലാണ് ആരംഭിച്ചത് എന്നറിയിക്കാമോ;

(ബി) ഏതൊക്കെ പഞ്ചായത്തുകളിലാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങളുടെയും നിർമ്മാണ പ്രവർത്തന പുരോഗതിയുടെയും റിപ്പോർട്ട് ലഭ്യമാക്കാമോ;

(ഡി) എന്ന് ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>അങ്കമാലി നിയോജക മണ്ഡലത്തിൽ കവറേജ് ഓഫ്<br>എൻ. സി./പി. സി. ഹാബിറ്റേഷൻ പദ്ധതി</u>

3747

ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ പാറക്കടവ് പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ആരംഭിച്ച കവറേജ് ഓഫ് എൻ. സി./പി. സി. ഹാബിറ്റേഷൻ പദ്ധതി പ്രകാരമുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെയും ടെണ്ടർ നടപടികൾ കഴിഞ്ഞ വിതരണ ശൃംഖലകൾ സ്ഥാപിച്ചിട്ടുള്ളതിന്റെ ഗ്യാപ് ക്ലോസിംഗ് ജോലികളുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഈ പ്രവൃത്തികൾ ആരംഭിക്കുന്നതിലെ കാലതാമസം വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ഭൂഗർഭജലം പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതി

3748 ശ്രീ. വർക്കല കഹാർ
'' എ. റ്റി. ജോർജ്
'' വി. പി. സജീന്ദ്രൻ
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഭൂഗർഭജലംപരിപോഷിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്;

(ബി) ഭൂഗർഭജലം ശാസ്ത്രീയമായി വിനിയോഗം ചെയ്യുന്നതിനുള്ള നയത്തിന് രൂപം നൽകുമോ;

(സി) നയത്തിന് രൂപം കൊടുക്കുന്നതിന് മുൻപ് ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച നടത്താൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കമാന്റ് ഏരിയാ ഡവലപ്മെന്റ് അതോറിട്ടി (കാഡ) നടപ്പിലാക്കിയ പദ്ധതികൾ</u>

3749 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കമാന്റ് ഏരിയാ ഡവലപ്മെന്റ് അതോറിട്ടി (കാഡ)കഴിഞ്ഞ അഞ്ചുവർഷം ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനം 2011 - 12 വർഷത്തിൽ എത്ര കോടി രൂപയുടെ പ്രവർത്തനങ്ങളാണ് ഏറ്റെടുക്കുന്നതെന്നും, പദ്ധതികളുടെ വിശദാംശങ്ങളും അറിയിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

മരക്കാടി തോട് നവീകരണം

3750 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ടൗണിലെ മരക്കാടി തോട് നവീകരണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എത്ര രൂപ നീക്കിവെച്ചിട്ടുണ്ട് എന്നും എത്ര രൂപ ചെലവഴിച്ചു എന്നും വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതിയ്ക്ക് ആവശ്യമായ കൂടുതൽ തുക നീക്കി വയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ദേശീയ ജലപാത പ്രാവര്‍ത്തികമാക്കുന്നതിന് നടപടി</u>

3751 ശ്രീ. എ.എ. അസീസ്
,, കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ദേശീയ ജലപാത പ്രാവര്‍ത്തികമാക്കുന്നതിന് എന്തൊക്കെ സത്വര നടപടികളാണ് സര്‍ക്കാര്‍ സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നാഷണല്‍ വാട്ടര്‍ വേയ്സ് കേരളത്തില്‍ ഇപ്പോള്‍ എന്തൊക്കെ പ്രവര്‍ത്തനങ്ങളാണ് നടത്തുന്നതെന്ന് അറിയിക്കുമോ;

(സി) ഇന്‍ലാന്‍റ് വാട്ടര്‍ വേയ്സ് അതോറിറ്റിയില്‍ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്നത് ആരാണെന്ന് വ്യക്തമാക്കുമോ ?